# നിയമനിർമാണസഭകളിലെ പ്രാതിനിധ്യം

1957(8), 1960(11), 1965(11), 1967(14), 1970(11), 1977(13) (AIML 3), 1980(14) (AIML 4), 1982(14) (AIML 4), 1991(19), 1996(13)

ലോക്സഭ 1952(1), 57(1), 62(2), 67(2), 71(2), 77(2), 80(2), 84(2), 91(2), 96(2).

രാജ്യസഭ 1960 മുതൽ 69 വരെ:1, 69 മുതൽ കുറച്ചുകാലം 2, വീണ്ടും 1992 മുതൽ 2.

സർവേന്ത്യാ മുസ്ലിംലീഗ് 1938-ൽ വനിതാ വിഭാഗമുണ്ടാക്കി. തലശ്ശേരിയിലെ ടി.സി കുഞ്ഞാച്ചുമ്മ ലീഗ് ദേശീയ സമിതി അംഗമായിരുന്നു. എന്നാൽ, കേരളത്തിൽ വനിതാ ലീഗുണ്ടായത് 1996-ൽ മാത്രം. ലീഗ് ടിക്കറ്റിൽ മത്സരിച്ച ആദ്യത്തെ അസംബ്ലി സ്ഥാനാർഥി ഖമറുന്നിസാ അൻവർ.

ലീഗിന്റെ ദലിത് എം.എൽ.എമാർ: എം. ചടയൻ(5270), യു. ഉത്തമൻ(65), കെ.പി രാമൻ(7077).

കേരളത്തിൽനിന്ന് പോയ ലീഗ് എം.പിമാർ: ലോക്സഭ. ബി. പോക്കർസാഹിബ്, ഇസ്മാഈൽ സാഹിബ്, സി.എച്ച് മുഹമ്മദ് കോയ, ഇബ്റാഹീം സുലൈമാൻ സേട്ട്, ജി.എം ബനാത്ത്വാല, ഇ. അഹ്മദ്.

രാജ്യസഭ: ഇബ്റാഹീം സുലൈമാൻ സേട്ട്, ഹമീദലി ശംനാട്, ബി.വി അബ്ദുല്ലക്കോയ, അബ്ദുസ്സമദ് സമദാനി, കൊരമ്പയിൽ അഹ്മദ് ഹാജി.

ലീഗിന്റെ പോഷക ഘടകങ്ങൾ: വിദ്യാർഥി വിഭാഗം എം.എസ്.എഫ്, യുവജനവിഭാഗം എം.വൈ.എൽ, ട്രേഡ് യൂനിയൻ എസ്.ടി.യു

പ്രസിദ്ധീകരണങ്ങൾ: ചന്ദ്രിക(ദിനപത്രം), തൂലിക (യൂത്ത്ലീഗ് മാസിക. നിന്നു), ചുവട് (എം.എസ്.എഫ്).

കേരളത്തിലിപ്പോഴും പാർട്ടിയുടെ സംഘടനാ നില ഏറെക്കുറെ ഭദ്രമാണെങ്കിലും കേരളത്തിന് പുറത്ത് പാർട്ടി ഏതാണ്ട് തകർന്ന മട്ടാണ്. ഖാഇദേ മില്ലത്തിന്റെ കാലഘട്ടത്തിലും അതിന് ശേഷവും കേരളം, ബംഗാൾ, ആസാം, തമിഴ്നാട്, മഹാരാഷ്ട്ര, കർണാടക, യു.പി നിയമസഭകളിൽ ലീഗിന് പ്രാതിനിധ്യമുണ്ടായിരുന്നു. ഒരു ചെറിയ ഇടവേളയിൽ ബംഗാൾ മന്ത്രിസഭയിൽ മൂന്ന് ലീഗ് മന്ത്രിമാരുണ്ടായിരുന്നു. ലോക്സഭയിൽ 5-ഉം രാജ്യസഭയിൽ 4-ഉം ലീഗംഗങ്ങൾ എഴുപതുകളുടെ തുടക്കത്തിലുണ്ടായിരുന്നു. ഇപ്പോൾ കേരളത്തിന് പുറത്ത് എവിടെയും ലീഗിന് നിയമസഭാ പ്രാതിനിധ്യമില്ല.